ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.04.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 PM**

1. പ്രവാസി സമൂഹത്തിനായി ഇന്ത്യ നിരന്തര പരിശ്രമങ്ങളും, ഇടപെടലുകളും നടത്തുന്നതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman said that India is making continuous efforts and interventions for the diaspora community.**

2. ജമ്മു കാശ്മീരിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു, നിയന്ത്രണ രേഖയിൽ നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തി സേന.

   **Three terrorists were killed in an encounter with security forces in Jammu and Kashmir, and an infiltration attempt was foiled by the army along the Line of Control.**

3. വഖഫ് ഭേദഗതി നിയമത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിലെ മുർഷിദാബാദിലെ അക്രമസംഭവങ്ങളിൽ 3 പേർ മരിച്ചു, കേന്ദ്ര സേനയെ വിന്യസിക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷം ഹൈക്കോടതിയെ സമീപിച്ചു.

   **In West Bengal, three people have died so far in violent protests against the Waqf Amendment Act in Murshidabad, and the opposition moved the High Court demanding the deployment of central forces.**

4. വയനാട്, ചൂരൽമല-മുണ്ടക്കൈ മാതൃകാ ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കേരളം.

ഭൂമി ഏറ്റെടുക്കലിന് 17 കോടി രൂപ അധിക നഷ്ടപരിഹാരം നൽകി സംസ്ഥാന സർക്കാർ.

**Kerala has started construction work on the Chooralmala-Mundakai Model township in Wayanad. The state government has given an additional compensation of Rs 17 crore for land acquisition.**

5. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ തിങ്കളാഴ്ച്ച വരെ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

   **Thunderstorms and strong winds are likely in isolated places in Kerala till Monday. Yellow alert in four districts today.**

6. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് വിജയം; ഐ എസ് എൽ ഫുട്ബോളിൽ മോഹൻ ബഗാൻ- ബംഗളൂരു എഫ് സി കിരീടപോരാട്ടം.

   **Lucknow Super Giants set a target of 181 runs against Gujarat Titans in IPL cricket; Mohun Bagan-Bengaluru FC title battle in ISL football.**

✪✪✪✪✪✪✪✪✪✪✪✪

## VICE PRESIDENT-VIKRAMOTSAV

മധ്യപ്രദേശിൻറെ മൂന്ന് ദിവസത്തെ വിക്രമോത്സവിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ തുടക്കം കുറിക്കും. ഈ മാസം 14 വരെ നീളുന്ന സാംസ്കാരിക പരിപാടിയിൽ നാടകം, പ്രദർശനം തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്. 125 കലാകാരൻമാരാണ് വേദിയിൽ എത്തുന്നത്. ഉദ്ഘാടന ചടങ്ങിൽ മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, കേന്ദ്ര മന്ത്രി ഗജേന്ദ്ര സിങ് ഷിഖാവത്ത് തുടങ്ങിയവർ പങ്കെടുക്കും.

****************************

## FM - AUSTRIA (INTRO)

പ്രവാസി സമൂഹത്തിനായി ഇന്ത്യ നിരന്തര പരിശ്രമങ്ങളും, ഇടപെടലുകളും നടത്തുന്നതായി കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. ഓസ്ട്രിയയിലെ വിയെന്നയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. സ്റ്റാർട്ടപ്പ്, ഫിൻടെക്, ഹരിത സാങ്കേതികവിദ്യകൾ, സുസ്ഥിര നഗര ഗതാഗതം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളിലെയും സംരംഭങ്ങൾക്ക് യോജിച്ചു പ്രവർത്തിക്കാൻ ധാരാളം അവസരങ്ങൾ ഉണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

വിയെന്നയിൽ യൂറോപ്യൻ അഫയേഴ്സ് മന്ത്രിയുമായും ശ്രീമതി സീതാരാമൻ കൂടിക്കാഴ്ച നടത്തി.

*****************************

## EVE. MAHA- AMIT SHAH

ഛത്രപതി ശിവാജി മഹാരാജിൻറെ മഹാരാഷ്ട്രയിലെ റായ്ഗഡ് കോട്ട രാജ്യത്തെ യുവാക്കൾക്ക് പ്രചോദനമായി വികസിപ്പിക്കാൻ കേന്ദ്ര സർക്കാരും മഹാരാഷ്ട്ര സർക്കാരും പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഛത്രപതി ശിവാജിയുടെ 345-ാം ചരമവാർഷികത്തോടനുബന്ധിച്ച് റായ്ഗഡ് കോട്ടയിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

*****************************

## JK ENCOUNTER

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിലുണ്ടായ ഏറ്റുമുട്ടലിൽ സൈന്യം മൂന്ന് ഭീകരരെ വധിച്ചു. നിരവധി ആയുധങ്ങളും കണ്ടെടുത്തു. ഭീകരർ ഒളിച്ചിരിപ്പുണ്ടെന്ന വിവരത്തെ തുടർന്ന് നടത്തിയ തിരച്ചിൽ ഏറ്റുമുട്ടലിൽ കലാശിക്കുകയായിരുന്നു. അഖ്നൂർ

സെക്ടറിലെ നിയന്ത്രണ രേഖയിൽ ഭീകരരുടെ നുഴഞ്ഞുകയറ്റ ശ്രമം സൈന്യം പരാജയപ്പെടുത്തി. ജമ്മുവിലെ വിവിധ മേഖലകളിലെ ഭീകരരുടെ നീക്കം നിരീക്ഷിച്ച ശേഷം കൂടുതൽ സൈന്യത്തെ വിന്യസിക്കുകയായിരുന്നു.

******************************

## EVE. WB - WAQF VIOLENCE

വഖഫ് ഭേദഗതി നിയമത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിൽ ഉണ്ടായ അക്രമസംഭവങ്ങളിൽ 3 പേർ മരിച്ചു. കേന്ദ്ര സേനയെ വിന്യസിക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷം ഹൈക്കോടതിയെ സമീപിച്ചു. സംഭവത്തിൽ 118 പേർ അറസ്റ്റിലായതായി പോലീസ് അറിയിച്ചു. ജനങ്ങൾ ശാന്തരായിരിക്കാൻ അഭ്യർത്ഥിച്ച മുഖ്യമന്ത്രി മമത ബാനർജി, കലാപങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കി. സംസ്ഥാനത്ത് വഖഫ് ഭേദഗതി നിയമം നടപ്പിലാക്കില്ലെന്നും മമതാ ബാനർജി പറഞ്ഞു.

******************************

## WAYANAD - CHOORALMALA, MUNDAKAI

വയനാട്, ചൂരൽമല- മുണ്ടക്കൈ ടൗൺഷിപ്പിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുതുക്കിയ ന്യായവില പ്രകാരമുള്ള അധിക നഷ്ടപരിഹാരമായ 17.77 കോടി രൂപ കോടതിയിൽ കെട്ടിവെച്ചാണ് എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമ്മിക്കുന്ന മാതൃകാ ടൗൺഷിപ്പിനുള്ള ഭൂമി സർക്കാർ ഏറ്റെടുത്തത്. മുൻ ഉത്തരവിൻറെ അടിസ്ഥാനത്തിൽ നേരത്തേ 26 കോടി രൂപ കെട്ടിവെച്ചിരുന്നു.

******************************

## KOZHIKODE HOSPITAL - CM

നാടിന്റെ പൊതുവായ വികസനം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിട നിർമാണ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ആരോഗ്യരംഗത്തെ നേട്ടങ്ങളെ പിന്നോട്ട് നയിക്കുന്ന അശാസ്ത്രീയ പ്രവണതകൾ സമൂഹത്തിനെതിരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് ആശുപത്രി കെട്ടിട രണ്ടാംഘട്ട നിർമാണം അനുവദിച്ചത്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയായിരുന്നു.

******************************

## PRESIDENT

ഇറ്റലിയുടെ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ അൻറോണിയോ തജാനി ഇന്ന് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. ഇന്ത്യയും ഇറ്റലിയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിലും നിക്ഷേപത്തിലും വളർച്ചയ്ക്ക് വലിയ സാധ്യതകളുണ്ടെന്ന് കൂടിക്കാഴ്ചയിൽ രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും, വികസിത ഭാരതത്തിനായുള്ള രൂപരേഖയും വ്യാവസായിക പങ്കാളിത്തത്തിന് നിരവധി അവസരങ്ങൾ തുറന്നു നൽകുമെന്ന് രാഷ്ട്പതി പറഞ്ഞു.

******************************

## VRITHI CONCLAVE 2025 (INTRO)

മാലിന്യ നിർമ്മാർജനം ദൈനംദിന ജീവിതത്തിൻറെ ഭാഗമാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച വൃത്തി 2025

ദേശീയ കോൺക്ലേവിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

പ്രാദേശിക തലത്തിൽ ചെറിയ മാലിന്യ നിർമ്മാർജന പ്ലാൻറുകൾ ആരംഭിക്കണമെന്നും ക്രമേണ അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മന്ത്രി എം ബി രാജേഷ് സന്നിഹിതനായി. കോൺക്ലേവുമായി ബന്ധപ്പെട്ട പ്രദർശനം നാളെയും ഉണ്ടാകും.

****************************

## HAJ 2025- SECRETARY VISIT

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ, സൗദി അറേബ്യയിൽ എത്തിയ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയ സെക്രട്ടറി ചന്ദ്ര ശേഖർ കുമാർ വിലയിരുത്തി. ഇന്ത്യൻ തീർത്ഥാടകർക്കായി സജ്ജമാക്കിയ വിവിധ സൗകര്യങ്ങൾ അദ്ദേഹം പരിശോധിച്ചു. സുഗമമായ തീർത്ഥാടനത്തിനായുള്ള വിവിധ സജ്ജീകരണങ്ങളിൽ അദ്ദേഹം സംതൃപ്തി അറിയിച്ചു.

****************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ലഖ്നൗ സൂപ്പർ ജയൻറ്സിന് ആറു വിക്കറ്റിൻറെ ജയം. 181 റൺസ് വിജയലക്ഷ്യം പിൻതുടർന്ന ജയൻറ്സ് 19.3 ഓവറിൽ നാലു വിക്കറ്റ് നഷ്ടത്തിൽ വിജയം നേടുകയായിരുന്നു. ഇന്നത്തെ രണ്ടാമത്തെ മത്സരത്തിൽ പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം .

****************************

## ISL

ISL ഫുട്ബോൾ 11-ാം സീസണിൻറെ കലാശപ്പോരിൽ ഇന്ന് കരുത്തരായ മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

******************************

## WEATHER KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ തിങ്കളാഴ്ച്ച വരെ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

******************************

## DGFT-HELPDESK

വ്യാപാര രംഗത്ത് ഉയർന്ന് വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ട് 'ആഗോള താരിഫ് - വ്യാപാര ഹെൽപ്പ്ഡെസ്ക്' പ്രവർത്തനക്ഷമമാക്കി കേന്ദ്രസർക്കാർ. ഇറക്കുമതി - കയറ്റുമതി വെല്ലുവിളികൾ, വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ, ബാങ്കിംഗ് തുടങ്ങിയവ ഹെൽപ്പ്ഡെസ്ക് കൈകാര്യം ചെയ്യുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു.

******************************

## GOLD RATE

ചരിത്രം കുറിച്ച് സ്വർണവില. കേരളത്തിൽ ഒരു പവൻറെ വില 70,000 പിന്നിട്ടു. ഇന്ന് പവന് 70,160 രൂപയും ഗ്രാമിന് 8770 രൂപയുമാണ് വില. പവന് 200 രൂപയുടെ വർധനവാണുണ്ടായത്.

ലോകവിപണിയിലും കഴിഞ്ഞ ദിവസം സ്വർണം നേട്ടത്തോടെയാണ് വ്യാപാരം അവസാനിപ്പിച്ചത്.

****************************

## UPI- TECHNICAL ISSUE

സാങ്കേതിക പ്രശ്നങ്ങൾ കാരണം യുപിഐ ഇടപാടുകളിൽ ഭാഗികമായി തടസ്സം നേരിടുന്നതായി നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അറിയിച്ചു. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സുഗമമായ ഡിജിറ്റൽ ഇടപാടുകൾ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായും NPCI സാമൂഹ്യ മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

****************************

## PALM SUNDAY

നാളെ ഓശാന ഞായർ. യേശുക്രിസ്തുവിൻറെ ജറുസലേം പ്രവേശനത്തിൻറെ സ്മരണകളിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടക്കും. ഇതോടെ വിശുദ്ധ വാരത്തിന് നാളെ തുടക്കമാകും.

****************************

## CHINA-STORM

ചൈനയിലെ ബീജിങ്ങിൽ കൊടുങ്കാറ്റ് വീശിയതിനെ തുടർന്ന് നിരവധി ട്രെയിൻ-വിമാന സർവ്വീസുകൾ റദ്ദാക്കി. രാജ്യതലസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് വിമാനത്താവളങ്ങളിൽ നിന്നുള്ള 838 സർവ്വീസുകളാണ് റദ്ദാക്കിയത്. മരങ്ങൾ കടപുഴകി വീണതിനെ തുടർന്ന് പൊതുയിടങ്ങളിലെ കളിസ്ഥലങ്ങൾ അടച്ചിട്ടു. നിരവധി വാഹനങ്ങൾക്കും കേടുപാടുകൾ ഉണ്ടായി. എന്നാൽ ആളപായമില്ല. ജനങ്ങൾ കഴിവതും വീടുകളിൽ തന്നെ കഴിയണമെന്ന് അധികൃതർ നിർദേശം നൽകി.

****************************

## പ്രധാനവാർത്തകൾ വീണ്ടും

1. പ്രവാസി സമൂഹത്തിനായി ഇന്ത്യ നിരന്തര പരിശ്രമങ്ങളും, ഇടപെടലുകളും നടത്തുന്നതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

2. ജമ്മു കാശ്മീരിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു, നിയന്ത്രണ രേഖയിൽ നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തി സേന.

3. വഖഫ് ഭേദഗതി നിയമത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിലെ മുർഷിദാബാദിലെ അക്രമസംഭവങ്ങളിൽ 3 പേർ മരിച്ചു, കേന്ദ്ര സേനയെ വിന്യസിക്കാൻ കൽക്കട്ട ഹൈക്കോടതിയുടെ പ്രത്യേക ബെഞ്ച് ഉത്തരവിട്ടു.

4. വയനാട്, ചൂരൽമല-മുണ്ടക്കൈ മാതൃകാ ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കേരളം. ഭൂമി ഏറ്റെടുക്കലിന് 17 കോടി രൂപ അധിക നഷ്ടപരിഹാരം നൽകി സംസ്ഥാന സർക്കാർ.

5. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ തിങ്കളാഴ്ച്ച വരെ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് ആറു വിക്കറ്റിൻറെ വിജയം;

ഐ എസ് എൽ ഫുട്ബോളിൽ മോഹൻ ബഗാൻ- ബംഗളൂരു എഫ് സി കിരീടപോരാട്ടം.

*

**************

*******************************************